ഈ പാലത്തിന്റെ പണി ഒരുദിവസം പോലും വൈകാതെ എത്രയും വേഗം ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുവാൻ ഞാൻ. ഈ അവസരം വിനിയോഗിക്കുകയാണ്. ആളുകളെ വാഹനങ്ങളിൽ കൊണ്ടുപോകാത്തതുകൊണ്ട് യാത്രക്കാർ അങ്ങോട്ടുമിങ്ങോട്ടുമോടുന്ന രംഗം കാണുന്നത് വളരെ വേദനാകരമായിരിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി ഒരുദിവസം പോലും വൈകാതെ ആ പാലത്തിന്റെ കേടുപാടുകൾ തീർക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇതിനു മുൻപും ഇത് ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തിയതാണ്. അന്ന് ഇതിനെ സംബന്ധിച്ചുള്ള വിശദമായ വിവരം ഞാൻ പറഞ്ഞു. സാങ്കേതികമായ കാര്യങ്ങൾ പരിശോധിക്കാൻ കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിരുന്നു. അവരുടെ പരിശോധന കഴിഞ്ഞു. ഇപ്പോൾ അവർ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആ ഡിസൈൻ കിട്ടി കഴിഞ്ഞാൽ എസ്റ്റിമേറ്റ് ഉണ്ടാക്കി അനന്തര നടപടികളുമായി മുന്നോട്ടുപോകും.

(2) കുമ്പളം ദ്വീപിലെ റോഡു നന്നാക്കൽ

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുമ്പളം പഞ്ചായത്തിലെ ഒരു പ്രധാനമായ ദ്വീപാണ് കുമ്പളം. ആ പഞ്ചായത്തിന്റെ പകുതിയോളം ഭാഗം ആ ദ്വീപിൽ പെട്ടതാണ്. ഇതുവരെ അവിടെയുള്ളവർക്ക് വാഹനഗതാഗതത്തിനുള്ള സൗകര്യമുണ്ടായിരുന്നില്ല. കൊച്ചി രാജാവിന്റെ കാലത്തുണ്ടാക്കിയ ഒരു പി.ഡബ്ലിയു.ഡി. റോഡ് മാത്രമാണ് അവിടെ റോഡായിട്ടുള്ളത്. ഇപ്പോൾ കൊച്ചിൻ ബൈപ്പാസിന്റെ പണി പുരോഗമിച്ച്, കുമ്പളം വരെയുള്ള പണി തീർന്ന സാഹചര്യത്തിൽ അവിടേക്ക് വാഹനങ്ങൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. രോഗികളെ കൊണ്ടുപോകുവാനും മറ്റ് അത്യാവശ്യകാര്യങ്ങൾക്കും വാഹനങ്ങൾ അവിടെ വരുന്നുണ്ട്. വെള്ളപ്പൊക്കത്തിന്റെയും മഴയുടെയും ഫലമായും പണ്ട് ഉണ്ടാക്കിയ റോഡിന്റെ പണി പിന്നെ നടത്താതിരുന്നതുകൊണ്ടും ആകെ താറുമാറായി കിടക്കുകയാണ്. 'അത്തിപ്പഴം പഴുത്തപ്പോൾ കാക്കയ്ക്ക് വായ്പ്പുണ്ണ്' എന്നു പറഞ്ഞതുപോലെ വാഹനം എത്താറായപ്പോൾ ഉണ്ടായിരുന്ന റോഡ് താറുമാറായി. അതുവഴി ഒരു സൈക്കിളിനുപോലും പോകുവാൻ കഴിയുകയില്ല. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. ഈ അവസ്ഥ പരിഗണിച്ച് അടിയന്തിരമായി വെള്ളപ്പൊക്കത്തിന്റെ പരിധിയിൽ പെടുത്തി ആ റോഡ് നന്നാക്കിതരണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, അദ്ദേഹം പറഞ്ഞതുപോലെ സാമ്പത്തികമായി ഭദ്രതയുള്ള കാലത്തൊന്നും ഈ റോഡ് നന്നാക്കണമെന്ന് ആവശ്യപ്പെട്ടില്ല. വളരെ ബുദ്ധിമുട്ടുള്ള കാലത്താണ് അദ്ദേഹം ആദ്യമായി ആവശ്യപ്പെടുന്നത്. എത്രയാലും അത്യാവശ്യമായ പരിഷ്കാരങ്ങൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. കൂടുതൽ സമഗ്രമായ പരിശോധനയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly